പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 526 — 10.06.2014 ലെ മറുപടിയ്ക്ക്

# നികുതി വരുമാനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീമതി. കെ.എസ്. സലീഖ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 2013-14 സാമ്പത്തിക വർഷം നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ ; | (എ) & (ബി) | വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) 2013-14 സാമ്പത്തിക വർഷം നികുതിയിനത്തിൽ എത്ര തുക പിരിച്ചെടുത്തുവെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ ; | | |
| (സി) നികുതി പിരിച്ചെടുക്കുന്നതിൽ വന്നിട്ടുള്ള കുറവ് പരിഹരിക്കുവാൻ 2014-15 വർഷം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | നികുതി വെട്ടിപ്പ് തടയുന്നതിനായി ചെക്ക്പോസ്റ്റ് പരിശോധന കർശനമാക്കും. ഇത് രേഖ പരിശോധനയിൽ ചുരുങ്ങാതെ സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തും. ചെക്ക്പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർചെക്കിങ്ങും ഊർജ്ജിതപ്പെടുത്തും. സംസ്ഥാനത്തിനകത്തെ ചരക്ക് വാഹനങ്ങൾ, റയിൽവേ, തുറമുഖം, ടൂറിസ്റ്റ് വാഹനം, പാർസൽ, കുറിയർ ഏജൻസികൾ എന്നിവിടങ്ങളിലെ പരിശോധന കർശനമാക്കും. നികുതി കുടിശ്ശിക ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി സ്റ്റേയിൽ കിടക്കുന്ന |

പ്രധാന കേസ്സുകൾ തിട്ടപ്പെടുത്തു
കയും ആയത് എത്രയും പെട്ടെന്ന്
തീർപ്പുകൽപ്പിക്കുന്നതിനുമുള്ള നടപ
ടികൾ ഊർജ്ജിതമാക്കും. നികുതി
കുടിശ്ശികയുള്ള നിലവിലുള്ള വ്യാപാ
രികളെ കണ്ടെത്തുകയും അത്തരക്കാ
രുടെ വാഹനങ്ങൾ ചെക്ക്പോസ്റ്റിൽ
തടഞ്ഞുവയ്ക്കുന്നതിനുള്ള നടപടികൾ
സ്വീകരിക്കും. റവന്യൂ റിക്കവറി
കേസ്സുകളിൽ തുകകൾ ഫലപ്രദമായി
പിരിച്ചെടുക്കുന്നതിന് ജില്ലാകളക്ടർ
മാർക്ക് ഇതിനകം നിർദ്ദേശം നല്കിയിട്ടു
ണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള
**Unconditional Stay** ഉത്തരവുകൾ
വെക്കേറ്റ് ചെയ്ത സാഹചര്യത്തിൽ
അതിൽ ഉൾപ്പെട്ട തുകകൾ പിരിച്ചെടു
ക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെ
ടുത്തും.

രജിസ്ട്രേഷൻ വകുപ്പിൽ **Under valuation** കേസുകളിൽ കുടിശ്ശികയു
ണ്ടായിരുന്ന തുക പിരിച്ചെടുക്കു
വാനുള്ള റവന്യൂ റിക്കവറി നടപടി
കൾ ത്വരിതപ്പെടുത്തും.

വാഹന നികുതി വകുപ്പിൽ
എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെ
ടുത്താനായി പുതിയതായി 17 സ്ക്വാഡു
കൾ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ

LS-526
10/6/14

അനുബന്ധം

(തുക കോടിയിൽ)

| നികുതി വരവിനങ്ങൾ | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2013–14 | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രാകാരം 2014 മാർച്ച് 31 വരെ പിരിച്ചെടുത്ത തുകയുടെ കണക്ക് |
|---|---|---|
| കാർഷികാദായ നികുതി | 23.99 | 21.55 |
| ഭൂ നികുതി | 135.49 | 88.78 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 4207.01 | 2593.29 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 87.59 | 76.14 |
| സംസ്ഥാന എക്സൈസ് | 2801.75 | 1941.72 |
| വിൽപ്പന നികുതി | 28456.62 | 24884.30 |
| വാഹന നികുതികൾ | 2570.65 | 2161.05 |
| വിദ്യുത്ച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 284.15 | 42.26 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 203.85 | 184.94 |
| ആകെ സംസ്ഥാന നികുതി വരവ് | **38771.10** | **31994.03** |

സെക്ഷൻ ഓഫീസർ